**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **12-12-2022 - ൽ മറുപടിയ്ക്ക്**

**ന്യായവില ഹോട്ടലുകൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരംഭിച്ച ന്യായവില ഹോട്ടലുകൾ എത്ര എണ്ണമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ? | (എ) | വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ' ഹോട്ടലുകളാണ് ഭക്ഷ്യ പൊതു വിതരണ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ളത്. ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 50നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകളിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്കിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടൽ ഒഴികെ ബാക്കി 49 എണ്ണവും നിലവിൽ പ്രവർത്തിയ്ക്കുന്നുണ്ട്. കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള ഉചിതമായ ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ